**പതിനാലാം കേരള നിയമസഭ**

**19-ാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1439** **06.03.2020-ൽ മറുപടിയ്ക്ക്**

## പ്ലാസ്റ്റിക് നിരോധനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. വിൻസെന്റ്<br>,, ടി.ജെ. വിനോദ്<br>ശ്രീമതിഷാനിമോൾ ഉസ്മാൻ<br>ശ്രീ.വി.ടി.ബൽറാം : | **പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ഒറ്റതവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കിന് ഏർപ്പെടുത്തിയ നിരോധനം പൂർണ്ണ തോതിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് 1.1.2020 മുതൽ ഒറ്റ തവണ ഉപഭോഗ പ്ലാസ്റ്റിക് വസ്തുക്കളുടെ നിർമ്മാണം,, സൂക്ഷിക്കൽ, വിൽപ്പന, കൊണ്ടുപോകൽ എന്നിവ പൂർണ്ണമായും നിരോധിച്ചു കൊണ്ട് സർക്കാർ ഉത്തരവായിട്ടുള്ളതും, നിരോധനം പൂർണ്ണമായി നടപ്പിലാക്കാനുള്ള എല്ലാ നടപടികളും സ്വീകരിച്ചു വരുകയുമാണ്. |
| (ബി) പൊതുജനങ്ങൾ കൈവശം വെയ്ക്കുന്ന പ്ലാസ്റ്റിക് ക്യാരിബാഗുകൾക്കും പ്ലാസ്റ്റിക് കുപ്പികൾക്കും പിഴ ഈടാക്കേണ്ടെന്ന് തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ബി) 1.1.2020 മുതൽ ഒറ്റ തവണ ഉപഭോഗ പ്ലാസ്റ്റിക് വസ്തുക്കളുടെ നിർമ്മാണം, സൂക്ഷിക്കൽ, വിൽപ്പന, കൊണ്ടുപോകൽ എന്നിവയാണ് നിരോധിച്ചിട്ടുള്ളത്. ഉപഭോഗം നിരോധിച്ചിട്ടില്ലാത്തതുമാണ്. |
| (സി) നിരോധിത പ്ലാസ്റ്റിക് ഉല്പന്നങ്ങൾ നിർമ്മിക്കുന്നവർക്കും വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾക്കും എതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ; | (സി) നിയമ ലംഘനം ബോധ്യപ്പെടുന്ന പക്ഷം നിർമ്മാതാക്കൾ, മൊത്ത വിതരണക്കാർ, ചെറുകിട വിൽപ്പനക്കാർ; കടക്കാർ, വിൽക്കുന്നവർ എന്നിവർക്കെതിരെ 10,000/- രൂപയും രണ്ടാമതുള്ള നിർദ്ദേശ ലംഘനത്തിന് 25,000/- രൂപയും (ഇരുപത്തയ്യായിരം രൂപ) അതിനു ശേഷം തുടർന്നുള്ള നിർദ്ദേശ ലംഘനത്തിന് |

50,000/- രൂപയും (അമ്പതിനായിരം രൂപ) പിഴ ചുമത്തുന്നതും തുടർന്ന് സ്ഥാപനത്തിന്റെ/നിർമ്മാണ പ്രവർത്തനാനുമതി റദ്ദാക്കുന്നതുമാണ്. മലനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുള്ള സ്ക്വാഡ് സ്ഥാപനങ്ങളിൽ പരിശോധന നടത്തി വരുകയും നിരോധിക്കപ്പെട്ട വസ്തുക്കൾ പിടിച്ചെടുത്ത് നോട്ടീസും പിഴയും ചുമത്തിയതായുള്ള മഹസർ നൽകുകയും ചെയ്തു വരുന്നു.

| | |
|---|---|
| (ഡി) പ്ലാസ്റ്റിക് നിരോധനം നിലവിൽ വന്നപ്പോൾ നിർമ്മാതാക്കളുടെ കൈവശമുള്ള സ്റ്റോക്ക് സംസ്കരിക്കുവാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;<br>(ഇ) പ്രസ്തുത നിരോധനം നിലവിൽ വരുന്നതിന് മുൻപ് സ്റ്റോക്ക് ചെയ്യപ്പെട്ട ഉല്പന്നങ്ങളുടെ പേരിൽ വ്യാപാരികൾ പ്രോസിക്യൂഷൻ നടപടി നേരിടുന്ന സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) & (ഇ) 1.1.2020 മുതൽ ഒറ്റ തവണ ഉപഭോഗ പ്ലാസ്റ്റിക് വസ്തുക്കളുടെ നിർമ്മാണം,, സൂക്ഷിക്കൽ, വിൽപ്പന, കൊണ്ടുപോകൽ എന്നിവ നിരോധിച്ചിട്ടുള്ളത്. കൈവശമുള്ള സ്റ്റോക്ക് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് ആയത് മലിനീകരണ നിയന്ത്രണ ബോർഡ് , ജില്ലാ വ്യവസായ കേന്ദ്രം, തദ്ദേശ സ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ നേതൃത്വത്തിൽ എണ്ണി തിട്ടപ്പെടുത്തി ടി സ്റ്റോക്ക് നിയമപ്രകാരം നിർമ്മാർജ്ജനം ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 1.1.2020 മുതലുള്ള നിരോധനത്തിന് ശേഷം പുതിയ സ്റ്റോക്ക് സംഭരിക്കാനോ വിൽപ്പന നടത്താനോ പാടുള്ളതല്ല. നിയമ ലംഘകർക്കെതിരെ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ